മ്പരാഗത മത്സ്യത്തൊഴിലാളികളെ രാജ്യവ്യാപകമായി സംഘടിപ്പിക്കാനും അവരുടെ അവകാശങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അടിയന്തര പ്രമേയത്തിൽ കൊണ്ടുവരാനുമായി നാഷണൽ ഫിഷർവർക്കേസ് ഫോറം 1978 ൽ രൂപീകരിക്കപ്പെടുന്നതും ഈ സാഹചര്യത്തിലാണ്. പുത്തൻ മത്സ്യനയം ഉയർത്തുന്ന സാമ്പത്തിക സാമൂഹ്യ ഭീഷണികൾക്കു പുറമെ പാരിസ്ഥിതികമായ ഭീഷണികളെക്കുറിച്ചും മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിരുന്ന ആശങ്കകൾ ശരിവയ്ക്കുന്ന രീതിയിലുള്ള ദുരന്തങ്ങളാണ് തീരദേശം ഇന്ന് നേരിടുന്നത്. യന്ത്രവത്കരണം മത്സ്യസമ്പത്തിന്റെ പുനരുത്പ്പാദനം തന്നെ അപകടത്തിലാക്കുന്നുവെന്നും മറ്റു കടൽവിഭവങ്ങളെ പരിമിതപ്പെടുത്തുന്നുവെന്നും ഇന്ന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തിരിച്ചറിയുന്നുണ്ട്. ജലാശയങ്ങൾ ബഹുരാഷ്ട്ര കുത്തകകൾക്ക് തുറന്നുകൊടുക്കുന്നത് കടൽ സമ്പത്തിനെ നശിപ്പിക്കുമെന്നതിന് ഇത്രയേറെ തെളിവുകളുണ്ടായിട്ടും ഫലപ്രദമായ നിയന്ത്രണങ്ങളൊന്നും സർക്കാരിന് ഇക്കാര്യത്തിൽ നടപ്പിലാക്കാൻ കഴിയുന്നില്ല. ചെറുമത്സ്യങ്ങളെപോലും കോരിയെടുക്കുന്ന ‘അടക്കംകൊല്ലി വലകൾ’ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ട് മത്സ്യസമ്പത്ത് പാടെ നശിച്ചുകൊണ്ടിരിക്കുകയാണ്. യന്ത്രവൽകൃത ട്രോളിംഗ് ബോട്ടുകളുടേയും റിംഗ്സീൻ വള്ളങ്ങളുടേയും അമിതമായ കടന്നുവരവ് ഈ മേഖലയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയായിട്ടുണ്ട്. നമ്മുടെ കടലിന് ഉൾക്കൊള്ളാവുന്നതിനേക്കാൾ അനവധി മടങ്ങ് മത്സ്യബന്ധനയാനങ്ങളാണ് ഇപ്പോൾ തന്നെയുള്ളത്. ഓരോ വർഷവും അവയുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നു. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ഭാഗമായി ഇന്ത്യൻ കടൽ വിദേശ മീൻപിടിത്ത കപ്പലുകൾക്കായി തുറന്നുകൊടുക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതോടുകൂടി പരമ്പരാഗത-ചെറുകിട മീൻപിടിത്ത മേഖല പ്രതിസന്ധിയിലേക്ക് തള്ളപ്പെട്ടുകഴിഞ്ഞു. കിലോമീറ്ററുകൾ ദൈർഘ്യമുള്ള വലകളും മറ്റു ആധുനിക സംവിധാനങ്ങളും ഹെലിപ്പാഡുപോലുള്ള ഫാക്ടറി കപ്പലുകളാണ് നമ്മുടെ മത്സ്യസമ്പത്തെല്ലാം കോരിയെടുക്കുന്നത്. ഈ ജനവിരുദ്ധ നയങ്ങൾ കൂടാതെയാണ് തീരദേശ പരിപാലന നിയമം പോലും ലംഘിച്ചുകൊണ്ട് വൻകിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കടലും തീരവും തുറന്നുകൊടുക്കുന്നത്. പരമാവധി മത്സ്യബന്ധനം നടത്തി പരമാവധി ലാഭം വർദ്ധിപ്പിക്കുക എന്ന വികസന കാഴ്ച്ചപ്പാട് തന്നെയാണ് കടലിനെയും തീരദേശവാസികളെയും ദുരിതത്തിലാക്കുന്നത്.

## പുതുവൈപ്പ് നൽകുന്ന സൂചനകൾ

**കേ**രളത്തിന്റെ തീരങ്ങളെ ലക്ഷ്യം വെക്കുന്ന, കടൽ എന്ന ആവാസവ്യവസ്ഥയെയും അതിനെ ആശ്രയിച്ചുജീവിക്കുന്ന ജനങ്ങളെയും ഇല്ലാതാക്കുന്ന വികസന പദ്ധതികളുടെ ഒടുവിലത്തെ ഉദാഹരണമാണ് പുതുവൈപ്പ് ഐ.ഒ.സി പ്ലാന്റ്. വികസനത്തിന്റെ പേരിൽ ഒരു ജനതയെ ഭയത്തോടെ ജീവിക്കാൻ ഭരണകൂടം നിർബന്ധിക്കുന്നതിന്റെ നേർസാക്ഷ്യമാണ് പുതുവൈപ്പിൽ കാണുന്നത്. ഇന്ത്യൻ ഓയിൽ കമ്പനിക്ക് ഒരു എൽ.പി.ജി സംഭരണി കൂടി തുടങ്ങാൻ അനുമതി നൽകിയതോടെയാണ് പുതുവൈപ്പിൽ സംഘർഷങ്ങൾ ആരംഭിക്കുന്നത്. ജനവാസ കേന്ദ്രങ്ങളിൽ നിന്നുള്ള അകലത്തിന്റെ അടിസ്ഥാനത്തിൽ ഓറഞ്ച് പട്ടികയിൽ ഉൾപ്പെടുന്ന പദ്ധതിക്ക് 2013 ലാണ് അനുമതി ലഭിക്കുന്നത്. 15400 ടൺ ശേഷിയുള്ള സംഭരണിയുടെ വാതക ടാങ്കുകൾക്ക് സമീപപ്രദേശത്തെ വീടുകളിൽ നിന്നും 40 മീറ്റർ മാത്രം അകലമുണ്ടായിട്ടും കമ്പനി പ്രവർത്തിക്കുന്നത് എന്തുകൊണ്ടാണ് എന്ന ചോദ്യമാണ് പുതുവൈപ്പുകാർ ഉന്നയിക്കുന്നത്. വൻ അപകടസാധ്യതയുള്ള രണ്ടു പദ്ധതികൾ പ്രവർത്തിക്കുന്ന സ്ഥലമാണ് പുതുവൈപ്പ്. 31,0000 ക്യുബിക് മീറ്റർ സംഭരണ ശേഷിയുള്ള പെട്രോനൈറ്റ് എൽ.എൻ.ജി ടെർമിനലും 33,0000 ക്യുബിക് മീറ്റർ ശേഷിയുള്ള ഭാരത് പെട്രോളിയം ക്രൂഡ് ഓയിൽ ടെർമിനലും. ഇതിനും പുറമെയാണ് എൽ.പി.ജി സംഭരണി. വൈപ്പിൻ ദ്വീപിന്റെ തീരപ്രദേശത്തെ തെക്കേയറ്റം വൈപ്പിൻ മുതൽ പുതുവൈപ്പ് വരെ ആറ് കിലോമീറ്റർ നീളത്തിലായാണ് ഈ പദ്ധതികൾ നടക്കുന്നത്. ഈ പദ്ധതികൾക്കായി പുതുവൈപ്പിനെ ഒരു പ്രത്യേക സാമ്പത്തിക മേഖലയായി (സെസ്) മാറ്റിയിരിക്കുന്നു. ഏക്കറുകണക്കിന് കണ്ടൽക്കാടുകൾ വെട്ടി നശിപ്പിച്ചാണ് തീരം ഈവിധത്തിൽ സെസിനായി മാറ്റപ്പെട്ടത്. മത്സ്യങ്ങളുടെ പ്രജനന കേന്ദ്രമായിരുന്ന ഈ കണ്ടലുകൾ വെട്ടിമാറ്റപ്പെട്ടതോടെയാണ് ഇവിടെ മത്സ്യലഭ്യത കുറഞ്ഞതും തദ്ദേശീയരുടെ പ്രധാന ഉപജീവന മാർഗ്ഗം അവർക്ക് നഷ്ടമായതും. 65,000 ജനസംഖ്യയുള്ള പ്രദേശത്ത് പരമ്പരാഗതമായി മത്സ്യബന്ധനത്തിലേർപ്പെട്ടു വന്നിരുന്നവർക്ക് അവരുടെ തീരം ഉപയോഗിക്കാൻ കഴിയാത്ത തരത്തിൽ മതിലുകെട്ടി പ്രവേശനം നിഷേധിച്ചിരിക്കുകയാണ് ഐ.ഒ.സി. പാരിസ്ഥിതിക മാനദണ്ഡങ്ങളൊന്നും പാലിക്കാതെയും തദ്ദേശീയരുടെ ആവശ്യങ്ങൾ പരിഗണിക്കാതെയുമാണ് പെട്രോളിയം സംഭരണികൾ പ്രവർത്തിക്കുന്നത്. കടൽകയറ്റഭീതിയുള്ള ഈ തീരപ്രദേശം അപകടകരമായ വ്യവസായ പദ്ധതികൾക്ക് ഒട്ടും അനുയോജ്യമല്ലെന്ന് നിരവധി വിദഗ്ധ പഠനങ്ങൾ വ്യക്തമാക്കിയിട്ടും സർക്കാർ അത് പരിഗണിക്കുന്നതേയില്ല. പദ്ധതിപ്രദേശത്തിനും ചുറ്റും കെട്ടിയിരിക്കുന്ന മതിലിനും വീടുകൾക്കുമിടയിൽ കമ്പനി പണിത ഒരു റോഡ് മാത്രമാണുള്ളത്. കനത്ത തിരമാലകൾ വന്നടിക്കുന്ന ഇന്റർ ടൈഡൽ സോണിലാണ് പ്ലാന്റ് സ്ഥിതി ചെയ്യുന്നത്. വർഷങ്ങളായി കടലെടുത്തുകൊണ്ടിരിക്കുന്ന തീരമാണ് പുതുവൈപ്പിലേത് എന്നതും അപകടസാധ്യത വർദ്ധിപ്പിക്കുകയാണ്. തദ്ദേശീയരായ ജനങ്ങൾ വളരെ ന്യായമായ ഈ ആശങ്ക ഉന്നയിക്കുമ്പോൾ പോലീസിംഗിലൂടെ അതിനെ മറികടക്കുന്ന മുഷ്കാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ‘വികസന വിരോധികൾ’ക്ക് നേരെ ഏതുതരത്തിലുള്ള ബലപ്രയോഗവുമാകാം എന്ന ഭരണസമീപനം ഉറപ്പിക്കുന്നതായിരുന്നു 2017 ജൂൺ 16ന് ഹൈക്കോടതി ജംഗ്ഷനിൽ ഒത്തുകൂടിയ നാട്ടുകാരായ സമരപ്രവർത്തകർക്ക് നേരെയും ജൂൺ 18ന് പദ്ധതി പ്രദേശത്തേക്ക് മാർച്ച് ചെയ്ത സമരപ്രവർത്തകർക്ക് നേരെയും നടന്ന ക്രൂരമായ പോലീസ് ലാത്തിച്ചാർജ്ജ്.